നം.എച്ച്2/35637/14

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 25.08.2014

## സർക്കുലർ

വിഷയം :- **പൊതുവിദ്യാഭ്യാസം - സർക്കാർ സ്കൂളുകൾ - ദിനവേതനാടിസ്ഥാനത്തിലുള്ള താൽക്കാലിക അധ്യാപക നിയമനം - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :-
1. 14.08.2002 ലെ ജി.ഒ.(പി) നമ്പർ 249/02/പൊ.വി.വ.
2. 29.05.2004 ലെ ജി.ഒ.(പി) നമ്പർ 149/04/പൊ.വി.വ.
3. 20.12.2004 ലെ ജി.ഒ.(പി) നമ്പർ 382/04/പൊ.വി.വ.
4. 14.06.2007 ലെ ജി.ഒ.(പി) നമ്പർ 108/07/പൊ.വി.വ
5. 06.09.2011 ലെ ജി.ഒ.(പി) നമ്പർ 189/11/പൊ.വി.വ
6. 11.06.2014 ലെ സർക്കാർ കത്ത് നമ്പർ 31310/ജെ2/14/പൊ.വി.വ
7. 29.11.2013 ലെ ജി.ഒ.(പി) നമ്പർ 313/13/പൊ.വി.വ.
8. 04.07.2014 ലെ ജി.ഒ.(പി) നമ്പർ 124/14/പൊ.വി.വ.

സംസ്ഥാനത്തെ സ്കൂളുകളിൽ 2013-14 വർഷത്തെ തസ്തിക നിർണയം നടത്തിയപ്പോൾ അധികമെന്നു കണ്ടെത്തിയ അധ്യാപകരെ വർക്ക് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ അധ്യാപക ക്ഷാമം അനുഭവപ്പെടുന്ന സമീപസ്കൂളുകളിലേക്ക് പുനർവിന്യസിക്കാൻ സൂചന 6 ലെ കത്തുവഴി സർക്കാർ നിർദേശം നൽകിയിരുന്നു. എന്നാൽ പിന്നീട് സൂചന 8 ലെ ഉത്തരവ് വഴി സർക്കാർ, 2010-11 ലെ തസ്തിക നിർണയം 2013-14 ലേക്കുകൂടി ബാധകമാക്കിയപ്പോൾ വർക്ക് അറേഞ്ചുമെന്റ് രീതിയിലുള്ള താൽക്കാലിക നിയമന നടപടികൾ ഫലപ്രദമായി പൂർത്തീകരിക്കാനായില്ല. സൂചന 8 ലെ സർക്കാർ ഉത്തരവിലെ നിർദേശങ്ങളനുസരിച്ച് 2014-15 ലെ തസ്തിക നിർണയവും പൂർത്തിയായിക്കഴിഞ്ഞു. 1:45/1:35/1:30 അനുപാത തസ്തികകളിലെ അധ്യാപകരുടെ സീനിയോറിറ്റി അടിസ്ഥാനത്തിലുള്ള പുനഃക്രമീകരണവും തസ്തിക നഷ്ടമായ അധ്യാപകരെ ചേർത്തുള്ള അധ്യാപക ബാങ്ക് രൂപവത്കരണവുമാണ് ഇപ്പോൾ നടന്നുവരുന്നത്. ഇത് പൂർത്തിയായാൽ മാത്രമേ സർക്കാർ സ്കൂളുകളിലെ നിലവിലുള്ള താൽക്കാലിക ഒഴിവുകൾ നികത്താനാകൂ. ഇതിന് ഇനിയും കുറച്ചു ദിവസം കൂടി വേണ്ടിവന്നേക്കാം.

ഈ സാഹചര്യത്തിൽ സൂചന 1 മുതൽ 3 വരെയുള്ള സർക്കാർ ഉത്തരവുകളിലെ മാർഗനിർദേശങ്ങൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി 2014-15 അധ്യയന വർഷം സർക്കാർ സ്കൂളുകളിൽ ദിനവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാവുന്നതാണ്.

1. സ്കൂളിൽ നിലവിലുള്ള 1:45 തസ്തികകളിലെ ഒഴിവുകളിൽ മാത്രമേ ദിനവേതനാടിസ്ഥാനത്തിൽ നിയമനം നടത്താവൂ. ഈ കാറ്റഗറിയിൽ തന്നെ 1:30/1:35 അനുപാതത്തിലോ മറ്റോ അധിക അധ്യാപകരെ നിലനിർത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത കാറ്റഗറിയിലെ ഒഴിവുകളൊന്നുംതന്നെ ദിനവേതനാടിസ്ഥാനത്തിൽ നികത്തരുത്.

2. ഇതിനകം വർക്ക് അറേഞ്ചുമെന്റ് അടിസ്ഥാനത്തിൽ പുനർവിന്യസിച്ച അധ്യാപകരുള്ള വിദ്യാലയത്തിൽ അവരെ മാതൃവിദ്യാലയത്തിലേക്ക് തിരിച്ചയച്ചുകൊണ്ട് ദിനവേതനാടിസ്ഥാനത്തിൽ നിയമനം നടത്തരുത്.

3. അധ്യാപകബാങ്ക് നിലവിൽ വന്നുകഴിഞ്ഞാൽ നിലവിലുള്ള താൽക്കാലിക ഒഴിവുകളെല്ലാം (ഇതുസംബന്ധിച്ച സർക്കാർ നിർദേശങ്ങൾക്കനുസൃതമായി) ബാങ്കിൽ നിന്നുള്ള അധ്യാപകരെ ഉപയോഗിച്ചുമാത്രമേ നികത്താവൂ.

4. അധ്യാപകബാങ്ക് നിലവിൽവന്നുകഴിഞ്ഞാൽ ബാങ്കിൽ ലഭ്യമല്ലാത്ത കാറ്റഗറികളിൽ മാത്രമേ ദിനവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ പാടുള്ളൂ. ഇവ ഏതൊക്കെയാണെന്ന് എ.ഇ.ഒ, ഡി.ഇ.ഒ, പ്രഥമാധ്യാപകർ എന്നിവരെ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിരിക്കണം.

**കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രഥമാധ്യാപകർക്കും (എ.ഇ.ഒ/ഡി.ഇ.ഒ-മാർ മുഖേന)

പകർപ്പ് :-

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)